**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6419** **10-11-2021 - ൽ മറുപടിയ്ക്ക്**

**കായൽഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 02.12.2020-ലെ B-3/568/2018 പ്രകാരം വെള്ളായണി കായലിൽ ജലവിതാനത്തിന് അടിയിൽപ്പെട്ടുപോയ കല്ലിയൂർ വില്ലേജിലെ ബ്ലോക്ക് നം: 27,28, വെങ്ങാനൂർ വില്ലേജിലെ ബ്ലോക്ക് നം:30 എന്നിവയിൽപ്പെട്ട പട്ടയഭൂമിയിലെ ഉടമസ്ഥരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പ്രസ്തുത കായൽ ഭൂമി ഏറ്റെടുക്കുന്നതിനും വേണ്ടി എടുത്ത നടപടികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം വെള്ളായണിക്കായൽ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ പട്ടയ ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 16.05.2017-ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെള്ളായണിക്കായൽ പ്രദേശത്തെ വെള്ളം മൂടി കിടക്കുന്ന കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിനായി ജില്ലാ കളക്ടർ സ്ഥലം സർവ്വെ ചെയ്ത് ഭൂമി കൈവശം വച്ചിരുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്നും ആയതിന്മേൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC മുമ്പാകെ അവതരിപ്പിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്ന് തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം സർവ്വേ ചെയ്തിട്ടുള്ളതും 2017-ലെ Fair valueവിന്റെ അടിസ്ഥാനത്തിൽ സ്ഥലവില നിർണ്ണയിച്ച് കൊണ്ടുള്ള റിപ്പോർട്ട് 23.06.2017-ലെ കത്ത് പ്രകാരം ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് സമർപ്പിക്കുകയുണ്ടായി. നഷ്ടപരിഹാരത്തുക കണക്കിലാക്കേണ്ടത് പ്രസ്തുത വസ്തുക്കൾ കൃഷിയോഗ്യമല്ലാതായത് എന്നാണോ അന്നത്തെ വിലയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ജലവിഭവ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത പട്ടയവസ്തുക്കൾ കൃഷിയോഗ്യമല്ലാതായി തീർന്ന സമയത്തെ വില കണ്ടെത്തുവാൻ കഴിയുന്ന റിക്കാർഡുകൾ ഒന്നും തന്നെ നിലവിലില്ലായെന്നും ആയതിനാൽ അന്നത്തെ വിലയുടെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കുവാൻ സാധിക്കുകയില്ലായെന്നും ജില്ലാ കളക്ടർ |

| | | | |
|---|---|---|---|
| | | | 10/07/2018-ലെ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. വെള്ളായണിക്കായലിലെ ജലവിതാനത്തിൽപ്പെട്ടുപോയ പട്ടയഭൂമി ഉടമസ്ഥരായ കർഷകരുടെ സ്ഥലം വെള്ളം കയറി ഉപയോഗയോഗ്യമല്ലാതായത് 1991-ലാണ്. സമാന ഭൂമിയുടെ വില കണ്ടു പിടിക്കുന്നത് ദുഷ്കരമാണെങ്കിലും അസാധ്യമല്ലാത്തതിനാൽ പ്രസ്തുത കാലഘട്ടത്തിലെ ഭൂമി കൈമാറ്റങ്ങൾ സബ് രജിസ്ട്രാറിൽ നിന്നും കണ്ടുപിടിച്ച് സമാന സ്വഭാവമുള്ള ഭൂമിയുടെ വില നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 27/02/2020-ലെ ബി3/568/2018-റവ നമ്പർ കത്തു പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് 31/08/2021-ലെ ബി12-19196/2006 നമ്പർ പ്രകാരം സ്ഥല വില നിർണ്ണയിച്ച് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസൽ പ്രകാരം കല്ലിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 28-ൽ 466 പേരും വെങ്ങാനൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 30-ൽ 138 പേരും ഉൾപ്പെടെ ആകെ 604 ഭൂവുടമകളുടെ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന് 6,32,12,751/- രൂപ ആവശ്യമായി വരുമെന്നും അറിയിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ 16.05.2017-ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പ വരുത്തി ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം വെള്ളായണിക്കായൽ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ പട്ടയ ഭൂമിയുടെ ഉടമസ്ഥരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 16.05.2017-ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെള്ളായണിക്കായൽ പ്രദേശത്തെ വെള്ളം മൂടി കിടക്കുന്ന കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിനായി ജില്ലാ കളക്ടർ സ്ഥലം സർവ്വെ ചെയ്ത് ഭൂമി കൈവശം വച്ചിരുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്നും ആയതിന്മേൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC മുമ്പാകെ അവതരിപ്പിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്ന് തീരുമാനമെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം സർവ്വേ ചെയ്തിട്ടുള്ളതും 2017-ലെ Fair valueവിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | സ്ഥലവില നിർണ്ണയിച്ച കൊണ്ടുള്ള റിപ്പോർട്ട് 23.06.2017-ലെ കത്തു പ്രകാരം ജില്ലാ കളക്ടർ ജലവിഭവ വകുപ്പിന് സമർപ്പിക്കുകയുണ്ടായി. നഷ്ടപരിഹാരത്തുക കണക്കിലാക്കേണ്ടത് പ്രസ്തുത വസ്തുക്കൾ കൃഷിയോഗ്യമല്ലാതായത് എന്നാണോ അന്നത്തെ വിലയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ജലവിഭവ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത പട്ടയവസ്തുക്കൾ കൃഷിയോഗ്യമല്ലാതായി തീർന്ന സമയത്തെ വില കണ്ടെത്തുവാൻ കഴിയുന്ന റിക്കാർഡുകൾ ഒന്നും തന്നെ നിലവിലില്ലായെന്നും ആയതിനാൽ അന്നത്തെ വിലയുടെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കുവാൻ സാധിക്കുകയില്ലായെന്നും ജില്ലാ കളക്ടർ 10/07/2018-ലെ കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. വെള്ളായണിക്കായലിലെ ജലവിതാനത്തിൽപ്പെട്ടുപോയ പട്ടയഭൂമി ഉടമസ്ഥരായ കർഷകരുടെ സ്ഥലം വെള്ളം കയറി ഉപയോഗയോഗ്യമല്ലാതായത് 1991-ലാണ്. സമാന ഭൂമിയുടെ വില കണ്ടു പിടിക്കുന്നത് ദുഷ്കരമാണെങ്കിലും അസാധ്യമല്ലാത്തതിനാൽ പ്രസ്തുത കാലഘട്ടത്തിലെ ഭൂമി കൈമാറ്റങ്ങൾ സബ് രജിസ്ട്രാറിൽ നിന്നും കണ്ടുപിടിച്ച് സമാന സ്വഭാവമുള്ള ഭൂമിയുടെ വില നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 27/02/2020-ലെ ബി3/568/2018-റവ നമ്പർ കത്തു പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് 31/08/2021-ലെ ബി12-19196/2006 നമ്പർ പ്രകാരം സ്ഥല വില നിർണ്ണയിച്ച് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസൽ പ്രകാരം കല്ലിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 28-ൽ 466 പേരും വെങ്ങാനൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 30-ൽ 138 പേരും ഉൾപ്പെടെ ആകെ 604 ഭൂവുടമകളുടെ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന് 6,32,12,751/- രൂപ ആവശ്യമായി വരുമെന്നും അറിയിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ 16.05.2017-ൽ ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തി ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഭൂമി ഏറ്റെടുക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെ; വിശദമാക്കാമോ? | (സി) | 16.05.2017-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തി ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടി സ്ഥല വില നിശ്ചയിച്ച് ഡി.എൽ.എഫ്.സി റേറ്റ് റവന്യൂ വകുപ്പിന് |

| | | | |
|---|---|---|---|
| | | | കൈമാറുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി മുമ്പാകെ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ